## പതിനാലാം കേരള നിയമസഭ
## പതിനഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നം.3903

21.06.2019 ൽ
മറുപടിയ്ക്ക്

## സംസ്ഥാന യുവജനകമ്മീഷന്റെ പ്രവർത്തനങ്ങൾ

ചോദ്യം

ശ്രീ. പി.സി.ജോർജ്ജ്

മറുപടി

ശ്രീ.ഇ.പി.ജയരാജൻ
(ബഹു.വ്യവസായവും, സ്പോർട്സും
യുവജനകാര്യവും വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | ഈ സർക്കാർ അധികാരത്തിൽ വന്നശേഷം കേരള സംസ്ഥാന യുവജനകമ്മീഷൻ യുവാക്കളുടെയും യുവതികളുടെയും ഏതൊക്കെ വിഷയങ്ങളിൽ ഇടപെട്ട് ഉത്തരവുകൾ പുറപ്പെടുവിച്ചിട്ടുണ്ട് ; വിശദമാക്കാമോ ; | (എ) | ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം കേരള സംസ്ഥാന യുവജനകമ്മീഷൻ യുവാക്കളുടെയും യുവതികളുടെയും നിരവധി വിഷയങ്ങളിൽ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. ആയവ ചുവടെ ചേർക്കുന്നു.<br><br>1. സ്വാശ്രയ കോളേജുകളിലെ വിദ്യാർത്ഥി ചൂഷണം.<br>2.വിവിധ കോഴ്സുകളിൽ പ്രവേശനവും സുഗമമായ അദ്ധ്യയനം ഉറപ്പാക്കുന്നത്.<br>3. തൊഴിലിടങ്ങളിലെ ചൂഷണം.<br>4.വിദ്യാർത്ഥികളുടെ തുടർ പഠനം ഉറപ്പുവരുത്തുന്നത്.<br>5. ലിക്വിഡേറ്റഡ് ഡാമേജ്സ് ഈടാക്കുന്നതിന് സർട്ടിഫിക്കറ്റുകൾ തടഞ്ഞുവെക്കുന്നതിന് എതിരെ<br>6. അനധികൃത സ്ഥലം മാറ്റം<br>7.അർഹമായനഷ്ടപരിഹാരം അനുവദിക്കുന്നത്.<br>8. ആരോപണ വിധേയരായ ഉദ്യോഗസ്ഥരെ മാറ്റി നിർത്തി അന്വേഷണം നടത്തുന്നത്.<br>9. ട്രാൻസ് ജെൻഡർ വിഭാഗത്തിന് തുല്യ തൊഴിൽ/വിദ്യാഭ്യാസ അവസരങ്ങൾ ഒരുക്കുന്നത്.<br>10. ശമ്പള പരിഷ്കരണം അനുവദിക്കുന്നത്.<br>11. ഒഴിവുകൾ കാലതാമസം കൂടാതെ പി.എസ്.സി യ്ക്ക് റിപ്പോർട്ട് ചെയ്യുന്നത്.<br>12. അംഗീകാരമില്ലാത്ത സ്ഥാപനങ്ങൾക്കെ- |

| | | | |
|---|---|---|---|
| | | | തിരെ നടപടി സ്വീകരിക്കുന്നത്<br>13. ജോലിവാഗ്ദാനം ചെയ്ത് സാമ്പത്തിക തട്ടിപ്പ് നടത്തുന്നവർക്കെതിരെ<br>14. മദ്യം, മയക്കുമരുന്ന് വ്യാപനത്തിനെതിരെ<br>15. അർഹമായ സാമ്പത്തിക സഹായം/കുടുംബ പെൻഷൻ അനുവദിക്കുന്നത്.<br>16.ഉദ്യോഗാർത്ഥികളുടെ അവസരം നഷ്ടപ്പെടാത്ത വിധം റാങ്ക് പട്ടികകൾ ക്രമീകരിക്കുന്നത്.<br>17. തടഞ്ഞുവെച്ചിരിക്കുന്ന സർട്ടിഫിക്കറ്റുകളും മറ്റ് രേഖകളും അനുവ ദിക്കുന്നത്<br>18. നിയമനങ്ങൾ ചട്ടപ്രകാരം നടത്തുന്നത്.<br>19. വാഹന അപകടങ്ങൾ കുറയ്ക്കുന്നത്.<br>20. ഇടമലക്കുടിയിലെയും മറ്റ് ആദിവാസി ഊരുകളിലേയും യുവാക്കളുടെ ശാക്തീകരണം.<br>21. മണി ചെയിൻ തട്ടിപ്പുകൾക്കെതിരെ |
| (ബി) | പ്രസ്തുത ഉത്തരവിനെ അടിസ്ഥാനമാക്കി സർക്കാർ ഉത്തരവുകൾ പുറപ്പെടുവിച്ചിട്ടുണ്ടോ ; വിശദമാക്കാമോ ; | (ബി) | കമ്മീഷൻ പുറപ്പെടുവിച്ച ഉത്തരവിന്റെ അടിസ്ഥാനത്തിൽ എസ്.എ.റ്റി ആശുപത്രിയിൽ വെച്ച് ചികിത്സാ പിഴവ് മൂലം മരണപ്പെട്ട രുദ്ര എന്ന കുട്ടിയുടെ മാതാവായ ശ്രീമതി.രമ്യ സുരേഷിന് ബഹു.മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്ന് 2,00,000/- (രണ്ട് ലക്ഷം രൂപ മാത്രം) 11/01/2018 ലെ ജി.ഒ(ആർ.റ്റി) നം.153/2018/ആർ.ഡി. പ്രകാരം അനുവദിച്ച് ഉത്തരവായിട്ടുണ്ട്. |
| (സി) | പ്രസ്തുത കമ്മിഷനിൽ എത്ര മെമ്പർമാർ ഉണ്ടെന്ന് വ്യക്തമാക്കാമോ ; | (സി) | കമ്മീഷനിൽ 13 മെമ്പർമാരും ഒരു ചെയർപേഴ്സണുമാണുള്ളത്. |
| (ഡി) | കമ്മീഷൻ എത്ര ജില്ലകളിൽ ഏതൊക്കെ വിഷയങ്ങളിൽ ഹിയറിംഗുകൾ നടത്തിയിട്ടുണ്ടെന്ന് വിശദമാക്കാമോ ? | (ഡി) | കമ്മീഷൻ മുൻപാകെ ലഭിച്ച പരാതികളുടേയും കമ്മീഷൻ സ്വമേധയാ എടുത്ത കേസുകളുടേയും അടിസ്ഥാനത്തിൽ മേൽ എ പിരിവ് ചോദ്യത്തിനുള്ള മറുപടിയിൽ പരാമർശിച്ചിട്ടുള്ള എല്ലാ വിഷയങ്ങളിലും കമ്മീഷൻ ഹിയറിംഗുകൾ നടത്തിയിട്ടുണ്ട്. |

(signature)
സെക്ഷൻ ഓഫീസർ